# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4029 | | 16.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് | |
|---|---|---|---|
| **ജൈവമാലിന്യ ശേഖരണത്തിന് അനുമതി** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.കെ.എം.ഷാജി** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | തിരുവനന്തപുരം കോർപ്പറേഷനിൽ ജൈവമാലിന്യ ശേഖരണത്തിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും ഫാം ഉടമകൾ അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ അനുമതി നൽകിയിട്ടുണ്ടോ ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | അനുമതി നൽകിയിട്ടില്ല.<br>ഫാം നടത്തുന്നവരെ നേരിൽ കേൾക്കുകയും, മാലിന്യ ശേഖരണം, ട്രാൻസ്പോർട്ടേഷൻ, സംസ്കരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ മനസ്സിലാക്കുകയും ചെയ്തു. ഫാമിന്റെ ശുചിത്വ നിലവാരവും, സംവിധാനങ്ങളും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെയാണോ മാലിന്യം കൈകാര്യം ചെയ്യുന്നത് എന്നും നഗരസഭയുടെ ഹെൽത്ത് ടീം മുഖേന പരിശോധന നടത്തേണ്ടതായിട്ടുണ്ട്. ഇക്കാരണത്താലാണ് കാലതാമസം ഉണ്ടായത്. |
| (സി) | ജൈവ മാലിന്യ ശേഖരണ നിർമ്മാർജ്ജന അനുമതിക്കുള്ള അപേക്ഷകളിൽ എന്നത്തേയ്ക്ക് അന്തിമ തീർപ്പ് കൽപ്പിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | എത്രയും വേഗം തീർപ്പ് കൽപ്പിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ